"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ: എ5/2577/11(2)

തൈക്കാട്, തിരുവനന്തപുരം-14

തീയതി : 14.05.2014.

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും, ട്രെയിനിംഗ് ഓഫീസർമാർക്കും.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - മലയാളം കംപ്യൂട്ടിംഗ് പരിശീലന പരിപാടി - നാമനിർദ്ദേശം സംബന്ധിച്ച്.

സൂചന:- ഐ.എം.ജി സെക്രട്ടറിയുടെ 25.04.2014 -ലെ 2212/പി 4/14. ഐ.എം.ജി നമ്പർ കത്ത്.

*******

ഭരണഭാഷ വിപുലീകരണത്തിന്റെ ഭാഗമായി ക്ലാസ്സ് 3 ജീവനക്കാർക്ക് മലയാളം കംപ്യൂട്ടിംഗിൽ പരിശീലനം നൽകുന്നു. ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുന്നതിന് താങ്കളുടെ സ്ഥാപനത്തിലെ ക്ലാസ്സ് 3 ജീവനക്കാരുടെ പേര് വിവരം (ഫോൺ നമ്പർ ഉൾപ്പെടെ) ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള സൂചന കത്തിലെ വിലാസത്തിൽ 31.05.2014 ന് മുൻപ് അയച്ചുകൊടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ഉള്ളടക്കം :-

മേൽ സൂചിപ്പിച്ചത്.

An14.05.14.Re

www.img.kerala.gov.in
e-mail:imgtvpm@gmail.com
Telephone: 0471-2304229/608
Fax: 0471-2302391

# INSTITUTE OF MANAGEMENT IN GOVERNMENT

*(An Autonomous Body Constituted by the Government of Kerala)*

Vikas Bhavan P.O.
Thiruvananthapuram – 695 033.

നംപർ. 2212/പി4/14/ഐ.എം.ജി.                25 ഏപ്രിൽ 2014

ഡയറക്ടർ
ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം ഐ.എം.ജി.- മലയാളം കംപ്യൂട്ടിംഗ് പരിശീലന പരിപാടി - നാമനിർദ്ദേശം സംബന്ധിച്ച് -

ഭരണഭാഷാ വിപുലീകരണത്തിന്റെ ഭാഗമായി ഐ.എം.ജി. നൽകി വരുന്ന് ഔദ്യോഗിക ഭാഷാ പരിശീലന പരിപാടികൾക്കു പുറമേ ക്ളാസ് 3 ജീവനക്കാർക്ക് മലയാളം കംപ്യൂട്ടിംഗിൽ കൂടി പരിശീലനം നൽകുകയാണ്. ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുന്നതിന് താങ്കളുടെ ഓഫീസിൽ നിന്നും ക്ളാസ് 3 വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ പേരു വിവരം അയച്ചു തരാൻ താൽപര്യപ്പെടുന്നു. ടൈപ്പിസ്റ്റ് വിഭാഗത്തിലുള്ളവർക്ക് മുൻഗണന നൽകുന്നതായിരിക്കും ഉചിതം. ഒരു ബാച്ചിൽ 30 പേരെ മാത്രമെ പങ്കെടുപ്പിക്കുവാൻ സാധിക്കുകയുള്ളു എന്നതിനാൽ ആദ്യം ലഭിക്കുന്ന നാമനിർദ്ദേശങ്ങൾക്ക് മുൻഗണന നൽകും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ നാമനിർദ്ദേശം ഡയറക്ടർ ജനറൽ, ഐ.എം.ജി. വികാസ് ഭവൻ പി.ഒ.തിരുവനന്തപുരം എന്ന വിലാസത്തിലും, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലെ നാമനിർദ്ദേശങ്ങൾ റീജിയണൽ ഡയറക്ടർ, ഐ.എം.ജി. കാക്കനാട് പി.ഒ, കൊച്ചി - 30 എന്ന വിലാസത്തിലും കോഴിക്കോട്, മലപ്പുറം, പാലക്കാട്, കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിലെ നാമനിർദ്ദേശം റീജിയണൽ ഡയറക്ടർ ഐ.എം.ജി. റീജിയണൽ സെൻറർ, കോഴിക്കോട് എന്ന വിലാസത്തിലുമാണ് അയയ്ക്കേണ്ടത്. നാമനിർദ്ദേശം ലഭിക്കേണ്ട അവസാന തീയതി 31.5.2014 ആണ്.

നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഫോൺ നംപർ കൂടി അറിയിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഇതു സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് 2304229 Ext.216, 9446041912 (സെക്ഷൻ ഓഫീസർ) എന്നീ നംപരുകളിൽ ബന്ധപ്പെടാവുന്നതാണ്..

താങ്കളുടെ വിശ്വസ്തൻ,
ഒപ്പ്
സെക്രട്ടറി
ഡയറക്ടർ ജനറലിനു വേണ്ടി

പകർപ്പ്: റീജിയണൽ ഡയറക്ടർ, ഐ.എം.ജി.കൊച്ചി /കോഴിക്കോട്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ